## പതിമൂന്നാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.195 — 18.03.2013 ന് മറുപടിയ്ക്ക്

### വന്യജീവികളുടെ ആക്രമണത്തിൽ മരണപ്പെടുന്നവർക്ക് ധനസഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വന്യജീവികളുടെ ആക്രമണത്തിൽ മരണപ്പെടുന്നവർക്കും പരുക്ക് പറ്റിയവർക്കും വകുപ്പ് മുഖേന ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) പദ്ധതി നിലവിലുണ്ട്. വന്യജീവികളുടെ ആക്രമണത്തിൽ മരണപ്പെടുന്നവർക്കും പരുക്ക് പറ്റിയവർക്കും, 1980-ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് എന്ന ചട്ടപ്രകാരം വനം വകുപ്പ് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. ഈ ചട്ടപ്രകാരം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് 3,00,000 (മൂന്നുലക്ഷം) രൂപയും, വനാതിർത്തിക്കു വെളിയിൽ പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയും, പരിക്കു പറ്റിയവർക്ക് 5000 രൂപ വരെയും, സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 25000 രൂപ വരെയും നഷ്ടപരിഹാരമായി നൽകുവാൻ നിലവിൽ വ്യവസ്ഥയുണ്ട്. |
| (ബി) അപേക്ഷ നൽകുന്നതിനുള്ള വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) വന്യജീവികളുടെ ആക്രമണം മൂലം മരണപ്പെടുന്നവരുടെ ആശ്രിതരും, പരിക്ക് പറ്റിയവരും സ്ഥായിയായ അംഗവൈകല്യം സംഭവിച്ചവരും നഷ്ടപരിഹാരം ലഭിക്കുന്നതിനായി നിശ്ചിത ഫോറത്തിലുള്ള അപേക്ഷ അതാതു പ്രദേശങ്ങളിലെ റെയിഞ്ചാഫീസർ മുഖാന്തിരം ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് സംഭവം നടന്ന് 3 (മൂന്ന്) മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷകർ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. മരണപ്പെട്ടവരുടെ ആശ്രിതർ അനന്തരാവകാശ സർട്ടിഫിക്കറ്റും, പരിക്കേറ്റതും സ്ഥായിയായ |

അംഗവൈകല്യം സംഭവിച്ചവരുമായ അപേക്ഷകർ നിലവിലുള്ള വ്യവസ്ഥ പ്രകാരം കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജ്ജൻ പദവിയിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകിയ മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിന്മേൽ റെയിഞ്ചാഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്.

(സി) കാസർഗോഡ് ജില്ലയിൽ ഈ ഇനത്തിൽ എന്ത് തുക കുടിശ്ശിക നൽകാനുണ്ട്; അറിയിക്കാമോ?

(സി) കാസർഗോഡ് ജില്ലയിൽ ഈയിനത്തിൽ 6,65,000/- രൂപ (ആറുലക്ഷത്തി അറുപത്തയ്യായിരം രൂപ മാത്രം) കുടിശ്ശികയായി നൽകുവാനുണ്ട്.

സെക്ഷൻ ഓഫീസർ